## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.238 — 09.03.2017 ന് മറുപടിയ്ക്ക്.

### വന്യജീവികളുടെ ആക്രമണം തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ്ജ് എം തോമസ്<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീ.പി.ഉണ്ണി<br>ശ്രീ.വി.അബ്ദുറഹിമാൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) മലയോര മേഖലകളിൽ മനുഷ്യനും വിളകൾക്കും നേരെയുള്ള വന്യജീവികളുടെ ആക്രമണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വൈദ്യുതി വേലി, കിടങ്ങ് ഇടങ്ങിയ ബജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക നിക്ഷേപ പദ്ധതിയായ KIIFB ൽ ഉൾപ്പെടുത്തി, ഈ വർഷം 25 കോടി രൂപ ചെലവിൽ പ്രശ്നബാധിത മേഖലയിൽ 220.5 കിലോമീറ്റർ സൗരോർജ്ജ കമ്പിവേലി, 2.91 കിലോമീറ്റർ ആന പ്രതിരോധ മതിൽ, 11.35 കിലോമീറ്റർ റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. KIIFB മാനദണ്ഡങ്ങൾക്കനുസൃതമായി സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയെ (സംസ്ഥാന വന വികസന സമിതിയെ) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും, ടെന്റർ നടപടികൾ പുരോഗമിച്ചും വരുന്നു. |
| (ബി) മുൻകൂട്ടി അപായസൂചന നൽകുന്നതിനായി ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള അപായസൂചന സംവിധാനം ഒരുക്കാനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തനം ആരംഭിക്കാനും | (ബി) മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ, വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ആയത് പ്രദേശവാസികളെ SMS മുഖാന്തിരം അറിയിക്കുന്ന |

| | |
|---|---|
| ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനായുള്ള പ്രവർത്തന പുരോഗതി അറിയിക്കാമോ; | Early Warning SMS Alert System വയനാട്, മൂന്നാർ, ആറളം എന്നീ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയത് മറ്റു പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി നിലവിൽ 14 റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) വിളകൾക്കുണ്ടാകുന്ന നഷ്ടം വിലയിരുത്തി ആയത് പൂർണ്ണമായും പരിഹരിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ? | (സി) വന്യജീവി ആക്രമണം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നിലവിൽ ജി.ഒ (എം.എസ്) നം.02/2015/വനം തീയതി 08.01.2015 പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ